LIBRARY ARCHIVES Kerala Legislative Assembly

**കെയർ കേരളം പ്രോജക്ട്**

**169 (5059)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്ര പാർക്കിൽ ആരംഭിക്കുവാൻ പോകുന്ന കെയർ കേരളം പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് എന്നേക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഈ പദ്ധതി ആരംഭിച്ച് പൂർണ്ണതോതിൽ ആകുന്നതോടെ എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ആയുർവ്വേദ മേഖലയുടെ മൂല്യവർദ്ധന ലക്ഷ്യമിട്ടാണ് കെയർ കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത്. ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം, മൂല്യവർദ്ധന, ഗവേഷണങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന സമഗ്ര പദ്ധതിയാണ് കെയർ കേരളം ലക്ഷ്യമിടുന്നത്.

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. 2010 ആഗസ്റ്റോടുകൂടി പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) പദ്ധതി പ്രാവർത്തികമാകുമ്പോൾ പ്രത്യക്ഷമായി 150 പേർക്കും പരോക്ഷമായി 5000 പേർക്കും തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു.

**ഇലക്ട്രോണിക് വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി**

**170 (5060)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഇലക്ട്രോണിക് വ്യവസായത്തിനായി കേന്ദ്രം സ്ഥാപിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത് ;

(ബി) സ്വകാര്യ സംരംഭകരുമായി യോജിച്ചാണോ ഈ കേന്ദ്രം സ്ഥാപിക്കുന്നത് ; ആണെങ്കിൽ ഏതൊക്കെ സ്വകാര്യ സംരംഭകരെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.